# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3425

18-02-2013 ൽ മറുപടിയ്ക്ക്

## നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.കെ.ശിവദാസൻ നായർ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, ഈ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്; വിശദാംശം നൽകാമോ;

(എ) സംസ്ഥാനത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി, സുസ്ഥിര നെൽകൃഷി വികസന പദ്ധതി, മാക്രോ മാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി, നെല്ല് സംഭരണം, ചെറുകിട യന്ത്രവിതരണ പദ്ധതി, നെൽകൃഷിക്കുള്ള ഉല്പാദന ബോണസ്, കാർഷിക സൗജന്യ വൈദ്യുതി പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സമഗ്ര നെൽകൃഷി ഇൻഷ്വറൻസ് പദ്ധതി, കിസാൻ അഭിമാൻ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം കര നെൽകൃഷി, വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി, പൊതു ഞാറ്റടി, വടക്കാഞ്ചേരി മോഡൽ പദ്ധതി, സുഗന്ധ നെല്ലിന വികസന പദ്ധതി, കാർഷിക യന്ത്രവൽക്കരണം എന്നിവയും സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ്, തരിശു നില കൃഷി, നെൽകൃഷിക്ക് ശേഷമുള്ള മറ്റു കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും മാക്രോ മാനേജ്മെന്റ്

പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡമോൺസ്റ്റേഷൻ, പുതിയ സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്നതിനുള്ള ഡമോൺസ്റ്റേഷൻ, ഉല്പാദന ഉപാധി കളായ വിത്ത്, കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യസംരക്ഷണ ഉപാധികൾ എന്നിവ യുടെ വിതരണവും നൂതന നെല്ലിന ങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്ന തിനായുള്ള മിനികിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷിയും അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) | ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതിനായി 2011-12 വർഷ ങ്ങളിൽ ഹെക്ടറിന് 1,500/- രൂപ സബ്സിഡി നിരക്കിൽ 2900 ലക്ഷം രൂപ ചെലവഴിച്ചു. 2012-13 വർഷം സബ്സിഡി നിരക്ക് ഹെക്ടറിന് 3,000/- രൂപ ആയി ഉയർത്തി പദ്ധതി നടപ്പാക്കി വരുന്നു.<br>ഗ്രൂപ്പ് ഫാമിംഗ് പദ്ധതി, പാടശേഖരാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട കർഷകരുടെ സമിതി മുഖാന്തിരം ഗ്രൂപ്പടിസ്ഥാന ത്തിൽ മണ്ണ് പരിശോധന, നിലം ഉഴൽ, പൊതു ഞാറ്റടി, പറിച്ചു നടീൽ, യന്ത്രവൽക്കരണം, വളപ്രയോഗം, മരുന്നുതളി, കൊയ്ത്ത് എന്നിവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ